# INTRODUCTION




'Little KITEs' IT Clubs is an unique initiative of KITE, which feature over 1 lakh student members. The Hi-School Kuttikootam programme, which was part of the Public Education Rejuvenation Mission of the State Government, through which students were given intense training in 5 areas such as Animation, Cyber Safety, Malayalam Computing, Hardware and Electronics, has been structurally upgraded in Student Police Cadets model, thus becoming 'Little KITEs IT Clubs'. Little KITEs is set to become the largest Student IT Network in the Country. Hon. Chief Minister, Shri. Pinarayi Vijayan has launched this unique initiative on 22nd January 2018 at Thiruvananathapuram. In addition to the already identified 5 Core areas, more topics have been added such as Development of Mobile Apps, Programming, Robotics, E-Commerce, E-Governance, Video Documentation, Web TV etc to the activity bouquet of 'Little KITEs`.

# Editorial Board

| *Editor in Chief* |
| --- |
| **John k Mathew**<br>**Lizy baby** |

| *Sub Editors* |
| --- |
| **Pavithra Manoj**<br>**Krithy C Babu**<br>**Angel M Biju** |

# മലയാളം വിഭാഗം

## സന്ധ്യ



**സന്ധ്യ  ഒരുങ്ങി വരുന്നല്ലോ**
**കാണാനെന്തൊരു ചേലാണ്**
**ചുണ്ടിൽ പുഞ്ചിരിയുണ്ടല്ലോ**
**നേത്രങ്ങളിലോ കണ്മഷിയും**

**സന്ധ്യ  ഒരുങ്ങി വരുന്നല്ലോ**
**കാണാനെന്തൊരു ചേലാണ്**
**ചന്ദ്രനമൊത്തിരി സന്തോഷം**
**മുല്ലപ്പൂവിൻ പരിമളമേറ്റ്**
**ചുറ്റും ചെടികളുറങ്ങുന്നു**
**മാനത്തെങ്ങും വർണ്ണക്കൂട്ടാൽ**
**ചിത്രമൊരുക്കിയതാരാണ്**
**ആകാശത്തിലെ അരമനയിൽ**

**ഞനും കൂടെ പോന്നോട്ടെ ,**

**കഥ**

## *ലോകത്തിലെ ഏറ്റവും നല്ല മക്കൾ*

**പണ്ട് പണ്ട് ശാന്തിയും സമാധാനവും അടക്കി വാണിരുന്ന ഒരു രാജ്യത്ത് ഒരു സുന്ദരിയായ രാജ്ഞി ഉണ്ടായിരുന്നു. അവർ മാനസിരാജ്ഞി രാജ്ഞിക്ക് ദൈവം സന്പത്തും ഐശ്വര്യവും എല്ലാം വാനോളം നൽകി. എന്നാൽ കുട്ടികളെ മാത#ം ദൈവം രാജ്ഞിക്ക് നൽകിയില്ല. അതിലവർ വളരെ ദുഃഖിതയായിരുന്നു. അവർക്ക് ഒരു സമർത്ഥയായ മനസാക്ഷി സൂക്ഷിപ്പുക്കാരി ഉണ്ടായിരുന്നു. അവൾ മിഗല പരുന്ത്. അവളെ ആരു കണ്ടാലും ഒന്നു പേടിക്കും. കാരണം ചുവന്ന കണ്ണുകൾ, കൂർത്ത ചുണ്ടുകൾ, നീണ്ട നഖം ഉള്ള കൈകൾ എന്നാൽ അവൾ വളരെ പാവമായിരുന്നു. അവൾക്കീ ഭൂമിയിൽ ഏറ്റവും ഇഷ്ടം മാനസിരാജ്ഞിയേയും അവളുടെ മകളേയുമാ**

മകളാണ് ദാരിക.

ഒരു ദിവസം നേരം പുലർന്നപ്പോൾ അവൾ രജ്ഞിയെ കാണാൻ കൊട്ടാരത്തിൽ ചെന്നു. എന്നാൽ രാജ്ഞിയെ അവിടെയൊന്നും അവൾക്ക് കാണാൻ സാധിച്ചില്ല.

അവൾ നാലു പാടും തിരക്കി കണ്ടില്ല. അങ്ങനെ അവസാനം അവൾ രജ്ഞിയുടെ മനോഹരമായ പൂന്തോട്ടത്തിൽ എത്തി. അവിടെ അതാ രാജ്ഞി ദുഃഖിതയായി ഇരിക്കുന്നു. അവർക്കു കാര്യം പിടികിട്ടി. രാജ്ഞി കുട്ടികൾ ഇല്ലാത്ത ദുഃഖത്തിലായിരുന്നു. അവൾ പലതും പറഞ്ഞ് രാജ്ഞിയുടെ ദുഃഖം മാറ്റാൻ ശ്രമിച്ചു. പക്ഷേ കഴിഞ്ഞില്ല. രാജ്ഞി മിഗലയോട് പറഞ്ഞു, മിഗലാ...., എനിക്കൊരു ആഗ്രഹമുണ്ട്. നിനക്ക് അത് സാധിച്ചു തരാൻ സാധിക്കുമോ ? എന്നാൽ കഴിയുന്നത് ഞാൻ ചെയ്യാം രാജ്ഞി, എന്ന് മിഗല പറഞ്ഞു. അപ്പോൾ രാജ്ഞി പറഞ്ഞു, എങ്കിൽ നീ ഈ രത്നമാല ഈ ലോകത്തിലെ ഏറ്റവും നല്ല കുട്ടിയ്ക്ക് സമ്മാനിക്കണം. ഞാൻ തന്നതാണെന്നും പറയണം. ഇതു കേട്ട പാതികേൾക്കാത്ത പാതി മിഗല ആ രത്നമാലയുമായി പുറപ്പെട്ടുകയായി. പോകുന്നതിനു മുൻപ് രാജ്ഞി ഒന്നുകൂടി അവളോടാട് പറഞ്ഞു, ഈ മാല നല്ല കുട്ടിയ്ക്കു മാത്രമേ നൽകാവൂ. തലയാട്ടി മിഗലയവിടെ നിന്നും യാത്രയായി. അവൾ ആദ്യം സ്വർഗ്ഗത്തിൽ ചെന്നു, പിന്നീട് നരഗത്തിൽ ചെന്നു, അവിടെയെങ്ങും ഒരു നല്ല കുട്ടിയെ കാണാൻ അവൾക്ക് സാധിച്ചില്ല. ഒടുവിൽ അവൾ ഭ്രമിയിൽ തിരക്കി നേക്കി എല്ലാവരും പറഞ്ഞു ഇല്ല എന്ന്. അവസാനം തൻറെ

കൂട്ടിലേക്ക അവൾ തിരികെ പോയി. അടുത്ത ദിവസം അവൾ നടന്നതെല്ലാം രാജ്ഞിയോടു പറഞ്ഞു. അപ്പോൾ രാജ്ഞി മിഗലയോട് ചോദിച്ചു, എന്നാൽ ആ മാല എവിടെ ? അപ്പോൾ മിഗല ഇപ്രകാരം പറഞ്ഞു. പിന്നീട് എൻറെ കൂട്ടിലെത്തിയപ്പോൾ എനിക്കാ നല്ല കുട്ടിയെ കാണാൻ സാധിച്ചു. എന്റെ മകളായ ദാരിക. അവളെ ഞാനാ മാലയണിച്ചു. അവൾ നല്ലവളാണ്. അവളെ എനിക്ക് വളരെ ഇഷ്ടവുമാണ്. മിഗല പറഞ്ഞു. രാജ്ഞിക്ക് വളരെ സന്തോഷമായി. രാജ്ഞി മിഗലയോട് അതാണ് ശരിയെന്നു പറഞ്ഞു. അതുകേട്ട് സന്തോഷത്തോടെ അവൾ കൂട്ടിലേക്ക് മടങ്ങി.

അമൃത. വി

## *അച്ഛൻ*

ഒരിടത്ത് ഒരു കർഷകൻ ഉണ്ടായിരുന്നു. ഈ കർഷകന് ഒരു മോൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അവളുടെ പേര് ചിന്നു. ഈ പാവപ്പെട്ടവനായിരുന്നു. തൻറെ ദാരിദ്യമായ ജീവിത്തിൽ തൻറെ മോളെ ഒരു വല്ല്യ ആളാക്കണം എന്നുള്ള ഒരു ആഗ്രഹം ഉണ്ടായിരുന്നു അദ്ദേഹത്തിന്.



കുറെ വർഷങ്ങൾക്കു ശേഷം ചിന്നു പഠിച്ച് വലിയ ഒരു ആളായി കല്യാണം കഴിച്ചു. അങ്ങനെ ഇരിക്കും ഒരു ദിവസം തൻറെ മോളെ കാണാൻ ആഗ്രഹം വന്നപ്പോൾ അവൾക്കു ഇഷ്ടപ്പെട്ട ആഹാരം എടുത്തുകൊണ്ട് വീട്ടിലേക്ക് നടന്നു.

അച്ഛൻ നടക്കുന്ന സമയത്ത് ചിന്തിച്ചു എന്നെ

കാണുമ്പോൾ മോൾ എത്രത്തോളം സന്തോഷിക്കും. അങ്ങനെ അച്ഛൻ വീട്ടിൽ എത്തി. അച്ഛനെ കണ്ടപ്പോൾ മോൾ അമ്പരന്നു. അച്ഛോനോട് ചോദിച്ചു. എന്തിനാ ഇങ്ങോട്ട് വന്നത്. ഇത് കേട്ടപ്പോൾ വളരെ ദുഖിതനായി അച്ഛൻ വീട്ടിൽ നിന്ന് ഇറങ്ങി.

എയ്ഞ്ചൽ

***ഒരവധിക്കാല അനുഭവം സ്കൂൾ തുറന്നു.***

***പുതിയ അധ്യായനവർഷത്തിലേക്ക് ചുവടുവച്ചു.***

റ്റൈംടോബിളിൽ മൂന്നാം വിഷയമായ മലയാളം പഠിപ്പിക്കുന്ന റ്റീച്ചർ ക്ലാസിൽ എത്തി പഠിപ്പിച്ചു തിടങ്ങിയപ്പോൾ ഒരനുഭവം കഥയായി സങ്കല്പിച്ച് എഴുതാൻ ആവശ്യപ്പെട്ടു.

അന്ന് രാത്രി ഞാൻ എൻറെ തൂലിക ചലിപ്പിക്കാൻ തുടങ്ങിയപ്പോൾ എൻറെ മനസ്സിൽ കടന്നു വന്നത് മനസ്സിൽ നിന്ന് അകറ്റാൻ പറ്റാത്ത ഒരനുഭവമായിരുന്നു. ഒരവധിക്കാലം ഞാൻ മുറ്റത്ത് ഉലാത്തുകയായിരുന്നു. എൻറെ കർണ്ണങ്ങളിൽ ഒരു ഗാനം കേൾക്കാൻ തുടങ്ങി. മുറ്റത്തെ മാവിൻ കൊമ്പത്ത് ഒരു കുരുവി കൂട് വച്ചിരിക്കുന്നു. അന്നുമുതൽ ഞാൻ കൂട് നിരീക്ഷിക്കുമായിരുന്നു. കുറച്ചു ദിവസങ്ങൾക്കു ശേഷം കൂട്ടിൽ കുഞ്ഞു കിളികളുടെ കലപില ശബ്ദം കേൾക്കുമായിരുന്നു. കൂട് വിട്ട് തീറ്റ തേടി പോകുന്നതും തിരിച്ച് വന്ന് കുഞ്ഞുങ്ങളുടെ ചുണ്ടിൽ ആഹാരം വച്ചു

കൊടുക്കുന്നതും കണ്ടു. എത്ര മനോഹരമണ് ആ കാഴ്ച . ഒരമ്മയുടെ സ്നേഹം ഈ ലോകത്തെകാൾ വലുതാണ് എന്ന് ഞാൻ മനസ്സിലാക്കി. അപ്പോൾ ഞാൻ ഓർത്തു. ഇടക്ക് അമ്മയോട് ദേഷ്യം കാണിക്കുന്നതിനും വഴക്കിടുന്നതും ഒക്കെ തെറ്റാണെന്ന് തോന്നി. ഇങ്ങനെ ഒരുപാട് നമ്മളെ വളർത്തി വലുതാക്കിയ അമ്മയുടെ സ്നേഹം അപ്പോഴാണ് നമുക്കുവേണ്ടി മാത്രം ജീവിക്കുന്ന മാതാപിതാക്കളെ നാം ഒരിക്കലും മറക്കരുത് എന്ന ഉപദേശത്തോടെ ഞാൻ എൻറെ അനുഭവം നിർത്തുന്നു.

സ്നേഹ.എസ്

## *എൻറെ മനസ്സിനെ വേദനിപ്പിച്ച ഒരു അനുഭവം*

ഒരു ദിവസം രാവിലെ സ്കൂളിൽ സ്പെഷ്യൽ ക്ലാസ്സ് ഉണ്ടായിരുന്നു. അന്ന് എഴുന്നേൽക്കാൻ



താമസിച്ചു.അതിനാൽ ഞാൻ ധൃതിപ്പിടിച്ചു ഒരുങ്ങുകളായിരുന്നു. മമ്മി എനിക്ക് രാവിലെ ദോശയും സാന്പാറും ഒരു ഗ്ലാസ് പാലും എടുത്തു വച്ചു. കുറെ നേരമായി വിളിക്കുന്നു. മമ്മിയെ ആഹാരം കവിക്കുന്നതായി കാണിച്ചിട്ട് മമ്മി കാണാതെ ഞാൻ എടുത്തു കളഞ്ഞു. എന്നിട്ട് ഞാൻ ചോറുമായി സ്കൂളിൽ നടന്നു. അപ്പോൾ ഞാൻ അവിടെ വെച്ച് ഒരു കുഞ്ഞുമോളേയും ഒരു അപ്പൂപ്പനേയും ഞാൻ കണ്ടു. അവർ ഭിക്ഷയാചിക്കുകയായിരുന്നു. എൻറെടുത്ത് വന്നു ഭിക്ഷ ചോദിച്ചു. ഞാൻ എൻറെ കൈയിൽ ഇരുന്ന ചോറ് പൊതി ഞാൻ കുഞ്ഞുമോളുടെ

കൈയിൽ കൊടുത്തു. അവർ അപ്പോൾ തന്നെ കഴിച്ചു. അവരുടെ മുഖത്ത് ഉണ്ടായിരുന്ന സന്തോഷം എനിക്ക് കാണാൻ കഴിഞ്ഞു. ഇതിൽ എനിക്കു മനസ്സിലായി ഒരു നേരത്തേക്ക് ആഹാരംപ്പോലും കഴിക്കാൻ ഇല്ലാത്ത എത്രപേർ നമ്മുടെ സമൂഹത്തുണ്ട്. നമുക്ക് ഒക്കെ ആഹാരത്തിനു ആഹാരം ഉടുപ്പിനു ഉടുപ്പ് എല്ലാം ഉണ്ടായിട്ടും നമ്മൾ പാഴാക്കി കളയുന്നു. ഒരു നേരത്തെ ആഹാരം കിട്ടിയപ്പോൾ ആ കുഞ്ഞിൻറെ മുഖത്ത് കണ്ട സന്തോഷം എനിക്ക് ഒരിക്കലും മറക്കാൻ പറ്റാത്തതായിരുന്നു. ഇനി എൻറെ ജീവിതത്തിൽ ഒരു നുള്ള് ആഹാരം പോലും പാഴാക്കി കളയില്ല.

ജെസ്സി വർഗ്ഗീസ്.

## *എൻെറ യാത്ര*

ഞാനും എൻറെ കുടുംബവും കൂടി മൃഗശാലയിൽ പോയപ്പോൾ എനിക്കുണ്ടായ യാത്രാനുഭവമാണ്. ഞങ്ങൾ വീട്ടിൽ നിന്ന് ഏഴുമണിക്ക് പുറപ്പെട്ടു.



ഒന്പതര ആയപ്പോൾ ഞങ്ങൾ അവിടെയെത്തി. നല്ല രസകരമായ കാഴ്ചകൾ കാണാനിടയായി. അതു കണ്ടപ്പോൾ എൻറെ മനസ്സിൽ വളരെ അധികം സന്തോഷമുണ്ടായി. ഞങ്ങൾ വളരെയധികം മൃഗങ്ങളെയും പക്ഷികളേയും കാണാനിടയായി. പല തരത്തിലുള്ള പക്ഷികളുണ്ടായിരുന്നു. അതിന് പലതരം നിറമായിരുന്നു. അതൊക്കെ ഞാൻ കൺകുളിർക്കെ കണ്ടു കൊണ്ടിരുന്നു. പിന്നെ ഞങ്ങൾ ഒരു മണി ആയപ്പോൾ അവിടെനിന്നിറങ്ങി. ഞങ്ങൾ ഒരു ഹോട്ടലിൽ കയറി. നല്ല സ്വാദുള്ള ഭക്ഷണം കഴിച്ചു. എന്നിട്ട് ഞങ്ങൾ ഒന്നര ആയപ്പോൾ അവിടെ

നിന്ന് യാത്ര തിരിച്ചു. പുറത്തെ കാഴ്ചകൾ അതിലും നല്ലതായിരുന്നു. പോകുന്ന വഴിയിൽ ഞങ്ങൾ ഒരു കടയിൽ കയറി ഐസക്രീം കഴിച്ചു. അപ്പോൾ എന്റെമനസ്സിന് നല്ല സന്തോഷമുണ്ടായി. നാലുമണി ആയപ്പോൾ ഞങ്ങൾ വീട്ടിലെ ചെന്നു. ഇതാണ് എന്റെ യാത്രനുഭവം.

അക്സാ.പി. രാജു.

## *ബാല്യകാല അനുഭവം*

ആദ്യമായി അമ്മയുടെ കൈയും പിടിച്ച് നേഴ് സറിയിലേക്ക് പോകുന്ന സമയം വളരെ സന്തോഷമായിരുന്നു. പുതിയ ബാഗും കുടയും വാട്ടർ ബോട്ടിലും പുതിയ ഉടുപ്പും വാങ്ങിതന്നു. വളരെ സന്തോഷത്തോടെ ഓടിച്ചാടി നഴ്സറിയിൽ എത്തി. അവിടെ അപരിചിതരായ



കൂട്ടുകാരെയും ടീച്ചറെയും കണ്ടപ്പോൾ ആദ്യം ഒരു ഭയം തോന്നി. അമ്മ എന്നെകൊണ്ട് വിട്ടതിനുശേഷം മടങ്ങി പോകുകയാണന്ന് മനസ്സിലാക്കിയപ്പോൾ കരഞ്ഞ് നിലവിളിക്കുകയും ടീച്ചർ പിടിച്ച് മാറ്റി കൊണ്ട് കൂട്ടുകാരോടൊപ്പം ഇരുത്തുകയും ചെയ്തു. കുറെ സമയം കഴിഞ്ഞപ്പോൾ എൻറെ സങ്കടം മാറി തുടങ്ങി. കൂട്ടുകാരോടൊപ്പം കളിച്ചും ചിരിച്ചും നടന്നു. ടീച്ചർ പാട്ടു പാടി തരികയും എൻറെ സങ്കടത്തെ മാറ്റി തന്നു. അങ്ങനെ നേഴ്സറിയിൽ പോകുന്നത് സന്തോഷമുള്ള ഒരു കാര്യമായി മാറി.

അഞ്ജന.ബി.റോയി

## പഴഞ്ചൊല്ല്

പഴഞ്ചൊല്ലിൽ പതിരില്ല

വിത്ത് ഗുണം പത്ത് ഗുണം

വേണേൽ ചക്ക വേരിലും കായ്ക്കും

ഗതി കെട്ടാൽ പുലി പുല്ലും തിന്നും.

മത്തൻ കുത്തിയാൽ കുന്പളം മുളയ്ക്കില്ല.

മുറ്റത്തെ മുല്ലയ്ക്ക് മണമില്ല.

മടിയൻ മല ചുമക്കും

പയ്യെ തിന്നാൽ പനയും തിന്നാം

ഒത്തു പിടിച്ചാൽ മലയും പോരും

ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം

പട്ടിയുടെ വാൽ പന്തീരായിരം വർഷം കുഴലിട്ടാലും നിവരില്ല.

## *അനുഭവക്കുറിപ്പ്*

### *എൻറെ കൊച്ചു സ്വപ്നം*

ഇത്തവണത്തെ വേനൽ അവധി കാലത്ത് എൻറെ ആഗ്രഹം സഫലീകരിച്ചു. നീന്തൽ പഠിക്കണം എന്നത് എൻറെ വലിയ ഒരു സ്വപ്നമായിരുന്നു. ഒരിയ്ക്കൽ ഞാൻ ചിറ്റയുടെ മഠത്തിൽ പോയി. ചിറ്റയ്ക്ക് രണ്ടു പെൺമക്കളാണ് ഉള്ളത്. എൻറെ അനിയത്തിമാരായ



നന്ദുവും നയനവും അവരുടെ മഠത്തിൽ ഒരു കുളം ഉണ്ട്. വലിയ ആഴമൊന്നും ഇല്ല. എനിക്ക് നീന്തൽ പഠിക്കാൻ മോഹം വന്നത് നന്ദു നീന്തുന്നത് കണ്ടിട്ടാണ് എനിക്ക് കുളത്തിൽ ഇറങ്ങുന്നത് ഒരു ഹരമാണ്. കുളത്തിൽ ഇറങ്ങിയാൽ പിന്നെ കയറാൻ തോന്നില്ല. ആ ഹരം അന്നും ഇന്നും നിലനിൽക്കുന്നു. കുളത്തിൽ ഇറങ്ങിയാൽ ഞാൻ അടങ്ങി നിന്ന് കുളിയ്ക്കല്ല ചാടി

കളിക്കുന്നു. അങ്ങനെ ചാടുമ്പോൾ പണ്ടൊക്കെ ചെവിയിൽ വെള്ളം കയറും . കയറിയാലോ പിന്നെ കുറച്ച് ദിവസത്തേക്ക് ചെവി വേദന, ചെവി ചൊറിച്ചിൽ എന്നിവ കൊണ്ട് വിഷമിക്കും. അമ്മയുടെ ഉറക്കവും പോകും. എന്തായാലും ഇത്തവണത്തെ അവധിയ്ക്ക് ഒരു പ്രശ്നവും ഇല്ലാതെ ഒരു പാടി ചാടികളിക്കാൻ കഴിഞ്ഞു. കളിമാത്രമല്ല , സാധാരണ പോലെ നീന്താനും , നിവർന്ന് നീന്താനും വെള്ളത്തിൻറെ അടിയിലും നീന്താനും പഠിച്ചു. നീന്തി കഴിയുമ്പോൾ എന്തോ വലിയ നേട്ടം കൈവരിച്ചിതുപോലെ എല്ലാവരേം കാണിക്കും. അങ്ങനെ എൻറെ കൊച്ചു സ്വപ്നം ഞാൻ സഫലീകരിച്ചു.

ഗായത്രി .എസ്.

## *മാറുന്ന ബന്ധങ്ങൾ*

ജീവിതത്തിൽ ഓരോ വഴികൾ കടന്നുപോകുന്പോൾ വ ളരെ മാറ്റങ്ങൾ ഉണ്ടാകുന്നു. ഒരു മഴസമയത്ത് രാവിലെ അയാൾ നന്ദിനി എന്ന സ്ത്രീയെ കണ്ടുമുട്ടുന്നു. അപകടത്തിൽ നിന്ന് ഒരു കുട്ടിയ രക്ഷിക്കുന്ന വഴി അവൾ അപകടത്തിൽ പെട്ടു. അവളെ അയാൾ രക്ഷിക്കുന്നു. അമ്മാവൻറെ ഭാര്യയായ താരയുടെ കൂട്ടുകാരിയായിരുന്നു നന്ദിനി. നന്ദിനിയുടെ ഭർത്താവായ അർജ്ജുനമായി ഉണ്ടായി വഴക്കിനെതുടർന്നാണ് നന്ദിനിയും താരയും പിരിഞ്ഞത്. അതൊക്കെ കഴിഞ്ഞപ്പോൾ നാല് വർഷമായി.

വർഷങ്ങൾക്ക് ശേഷം നന്ദിനെയെ കണ്ടുമുട്ടുന്ന താര വളരെ സന്തോഷവതിയായി അവൾ തൻറെ സുഹൃത്തായ നന്ദിനിയെ പരിചയപ്പെടുത്തുന്നു.

താര - ഇതെൻറെ സുഹൃത്ത് നന്ദിനി

അയാൾ - ഇവരെ കുറച്ച് സമയത്തിനു മുന്പ് ഞാൻ കണ്ടായിരുന്നു.

താര - നിനക്കും അർജ്ജുനും സുഖമാണോ?

നന്ദിനി- എനിക്ക് സുഖമാണ് അയാളുടെ കാര്യമറിയില്ല.

താര - പറഞ്ഞത് മനസ്സിലായില്ല.

നന്ദിനി - ആ സംഭവത്തിനുശേഷം ഞങ്ങൾ നിയപരമായി പിരിഞ്ഞു.

അയാൾ -ക്ഷമിക്കുക അതിനെ പറ്റിഞങ്ങൾക്ക് അറിയില്ലായിരുന്നു.

നന്ദിനി- കുഴപ്പമില്ല.

താര - നീ എവിടെയാണ് താമസ്സിക്കുന്നത്. വിരോധമില്ലെങ്കിൽ ഞങ്ങളുടെ കൂടെ കഴിയാം

നന്ദിനി- എനിക്ക് താമസ സ്ഥലം കിട്ടുന്നത് വരെ ഞാൻ താമസ്സിക്കുക യുള്ളൂ.

അയാൾ - നമ്മൾക്ക് വീട്ടിലേക്ക് പോകാം

അവർ മൂന്നുപേരും വീട്ടിലേക്ക് യാത്രയായി. അതെ സമയം ഇത് നന്ദിനിയുടെ ഭർത്താവ് അർജ്ജുൻ അറിയുന്നുണ്ടായിരുന്നു. അയാൾ താരയെ വിളിച്ചു ഒരു കാര്യം പറയണം എന്ന് എസ്.എം.എസ് വഴി അറിയിച്ചു.

നന്ദിനിയും അയാളും തമ്മിൽ ബന്ധമുണ്ടാകതെ സൂക്ഷിക്കണമെന്നായിരുന്നു മുന്നറിയിപ്പ്. അവളുടെ മനസ്സിൽ അവൻ സംശയത്തിൻറെ വിത്തുകൾ പാകി. അതുമൂലം അവൾ അവരെ സംശയിക്കാൻ തുടങ്ങുകയും അവസാനം വിവാഹമോചനത്താൽ ആ ബന്ധം തീരുകയും ചെയ്തു. നിരപരാധി ആയ അയാളും ,നന്ദിനിയും കുറ്റക്കാരായി. താരയുടെ മനസ്സിൽ അത് ആഴത്തിൽ പിരിഞ്ഞു. എല്ലാ മഴക്കാലത്തു ഇവർ മൂവരും ആ കയിപ്പേറിയ അനുഭവം ഓർക്കുന്നു.

ശിവരഞ്ജിനി.ആർ

## *കഥ*

### *സായംകാലക്കാഴ്ച*

സ്കൂളുവിട്ട് വരുമ്പോഴുള്ള സായം കാല കാഴ്ചകളേക്കാൾ മനോഹരമായ കാഴ്ചയും അനുഭവവും മറ്റെവിടെ നിന്നും ലഭിക്കുകയില്ല. കരിയിലകളുടെ ഇടക്ക് നിന്ന് താളം തുള്ളുന്ന കരിയിലകിളികളും മരകൊന്പുകളിൽ ഇരിക്കുന്ന ഇരട്ടവാലൻ കിളികളും മറ്റി ചില കൗതുക കാഴ്ചകളാണ്. പഴുത്തുലഞ്ഞു നിൽക്കുന്ന വരിക്ക ചക്കയിൽ നിന്ന് ചുള



കൊത്തിയെടുക്കുന്ന കാക്കയും അണ്ണാനും, പാടങ്ങളിൽ മെഴുകിയിരിക്കുന്ന കാലികളും , ആകാശത്ത് വില്ല് പോലെ പായുന്ന കാക്കകളും, ഇടക്കിടക്ക് എത്തിപോകുന്ന ചെറു ചാറ്റൽ മഴയും, പിന്നീട് നമ്മൾ ഒട്ടും വിസ്മരിക്കാൻ പാടില്ലാത്ത ഒന്നുണ്ട്. അന്പലങ്ങളിൽ നിന്ന് മുഴങ്ങുന്ന ഗാനങ്ങൾ

ചെറു കാറ്റത്ത് ആകാശം മുട്ടെ വളർന്നു നിൽക്കുന്ന തേക്കിൽ നിന്ന് പൊഴിയുന്ന വെള്ളം പൂക്കളുംഅങ്ങനെപ്രകൃതിയിലേക്ക ഊർന്നിറങ്ങുന്പോഴായിരിക്കും സൂര്യൻ മാമലകളുടെ ഇടയിലേക്ക് മറയുന്നത്

ആദിത്യ.പി.വി.

## ***അമ്മമ്മ***




ദരിദ്രയാണ് അമ്മമ്മ,

വിധവയാണ് അമ്മമ്മ,

മൂന്നപേരകുട്ടികളെ

പോറ്റിവന്ന അമ്മമ്മ

ഒൻപതെഴ്

അഞ്ചുക്ലാസിൽ

പഠിക്കുന്നതാം കുട്ടികൾ

പഠിപ്പിക്കാനായി

പാടുപെട്ട്

ഓടിടുന്ന അമ്മമ്മ

അച്ഛനില്ലാ, അമ്മയില്ലാ

ആരുമില്ലാ കുട്ടികൾ,

അമ്മമ്മോടെ സാരി തുങ്ങി

ആടിടുന്നു കുട്ടികൾ

നഗ്നമായ പാദങ്ങൾ,

നഗ്നമായ കാതുകൾ

നിറമില്ലാ സാരിയുമായി

നടന്നിടുന്നു അമ്മമ്മ

## *ജ്ഞാന ദീപം*

അറിവിന്റെ കേദാരം വിദ്യാലയം
ആവോളം പകർന്നു അദ്ധ്യാപകർ
ആ പാലാഴിയിൽ നീന്തിത്തുടിക്കുന്ന പൈതങ്ങൾ
നാളയുടെ വാഗ്ദാനങ്ങൾ

ആശാനും ഉള്ളൂരും വള്ളത്തോളും
അറിവിൻ മണിമുത്തുകൾ പകർന്നു തന്നു
ഈ കവി കോകിലങ്ങൾ പകർന്ന വെളിച്ചം
കാലത്തിൻ കുത്തൊഴുക്കിൽ മായുകയില്ല

ജെസ്ന തങ്കച്ചൻ

## ***കാലം***

അനന്തതയുടെ  കാലൊച്ച പ്രതിധ്വനിയായി
എവിടെയോ കേൾക്കുന്നു
കാലം മറന്നതോ പറയാൻ
ബാക്കിവച്ചതോ ആയ തേങ്ങലുകൾ

കാലത്തിൻറെ രഥചക്രത്തിൽ നാം
കാണാതെപോയ തെറ്റുകളുടെ
സുന്ദരമായ  പ്രതിധ്വനികൾ

കേൾക്കാൻ ആഗ്രഹിക്കുന്നവ
വിസ്മൃതിയിൽ മറഞ്ഞുപോകുമ്പോൾ
ജ്വലിക്കുന്ന ദുഃഖത്തിൻറ
സ്മൃതികൾ നമ്മിലേക്ക് ആഴ്ന്നിറങ്ങുന്നു.

സ്വപ്നങ്ങളിൽ പിന്നെയും പിന്നെയും
മരണ ദൂതൻറെ കാരാളഹസ്തങ്ങൾ
നിഴലിച്ചു നിന്നിട്ടു മറക്കാനാവാത്ത
പ്രതിധ്വനികൾ ജീവിതത്തിൽ പിന്നെയും ബാക്കി.

## *എം. ടി വാസുദേവൻ നായരുടെ പ്രധാന കൃതികളിലൊന്നാണ് നാലുകെട്ട്*



അപ്പുണ്ണിയുടെ യാത്രകളാണ് നാലുകെട്ടിൽ പരാമർശിക്കുന്നത്. കുടുംബവും ആചാരങ്ങളും ജീവിതത്തിൻറെ നെടുങ്കൽ. കാരഗൃഹങ്ങളും അപ്പുണ്ണിയുടെ ജീവിതത്തിൽ ഒരു പാട് വിഷമങ്ങൾ സംഭവിച്ചിട്ടുണ്ട്. നാലുകെട്ട് എന്ന നോവലിൽ സംഘർഷഭരിതമായൊതും വളരെയധികം വിഷമിപ്പിക്കുന്നതുമായതാണ് കഥാന്തരീക്ഷം. അവസാനം അപ്പുണ്ണി ഒരു നല്ല തീരുമാനെടുത്തതിൻറെ ഫലമായിട്ടും കഥ ഭീതിയിൽ അവസാനിച്ചു. എം.ടി അനശ്വരമാക്കി തീർത്ത കൃതികളിലൊന്നാണ് നാലുകെട്ട്.

മാതൃത്വത്തിൻറെ വില മനസ്സിലാക്കിയ അപ്പുണ്ണിയെ വായനക്കാർ നെഞ്ചോടു ചേർക്കുന്നു.



## *ദി ആൽകെമിസ്റ്റ്*

ലോകപ്ര ശസ്തബ്രസീലിയൻസാഹിത്യകാരനായ പൗലോകൊയ്‌ലോയുടെ വിശ്വോത്തരമായ നോവലാണ് ദി ആൽകെമിസ്റ്റ്. ഒരു ആട്ടിൻപറ്റത്തെ മേച്ച നടക്കുന്ന ബാലന്റെ കഥ. സാൻറിയാഗോ എന്നാണ് ആ ഇടയ ബാലന്റെ പേര്. സാൻറിയാഗോയ്ക്ക് സ്വപ്നം കാണുന്നതും യാത്ര ചെയ്യുന്നതും വളരെ ഇഷ്ടമാണ്. അതുകൊണ്ടാണ് അവൻ ആട്ടിടയനായത്. അവൻ വിചാരിച്ചിരുന്നത് ആട്ടിടയനായാൽ തനിക്ക് പുതിയ പുതിയ രാജ്യങ്ങളിലേക്കും പുതിയ പുതിയ സ്ഥലങ്ങളിലേക്കും യാത്ര ചെയ്യാൻ കഴിയുമെന്നാണ് . ഒരിക്കൽ അവനൊരു സ്വപ്നം കാണാനിടയാകുന്നു. തന്റെ കൈ പിടിച്ച് ഒരു കുട്ടി അവനെ ഈജിപ്റ്റിലേക്കു കൂട്ടിക്കൊണ്ടുപോകുകയും പിരമിഡുകളുടെ സമീപമുള്ള നിധി കാട്ടികൊടുക്കുകയും ചെയ്യുന്നു.

സാൻറിയാഗോയ്ക്കുണ്ടാകുന്ന ഈ സ്വപ്നദൃശ്യത്തിൻറെ പ്രേരണയിൽ അവൻ യാത്ര തിരിക്കുന്നു. ചിലർ അവന് സഹായികളാക്കുന്നു. ചിലർ അവനെ കൊള്ളയടിക്കുന്നു. അവൻ തളരാതെ പിരമിഡിൽ എത്തുകയും മറ്റൊരാളിൽ നിന്ന് താൻ പണ്ട് ആടുകളെ മേച്ച് നടന്ന ആ പള്ളിക്കരികിലെ ആ സൈക്കമോർ മരത്തിന് താഴെയാണ് നിധി എന്നറിയുന്നു. അവൻ വളരെ വിഷമത്തോടെ തിരിച്ച് യാത്ര തിരിക്കുന്നു. അവൻ തിരിച്ച് ആ ഇടിഞ്ഞുപൊളിഞ്ഞ പള്ളിക്കരുകിലെ ആ സൈക്കമോർ മരത്തിനു താഴെ കുഴിക്കുന്നു. അവൻ അവിടുന്ന് നിധി കണ്ടെത്തുകയും ചെയ്യുന്നു. അവൻ അവൻറെ സ്വപ്നം യാഥാർത്ഥ്യമാക്കി അവന് സന്തോഷമടക്കാനായില്ല.

പൗലോ കൊയ്ലോ നമ്മുക്ക് തരുന്ന ആശയം എന്തന്നാൽ നാം ആഗ്രഹിക്കുന്നത് യാഥാർത്ഥ്യമാണെങ്കിൽ അത് സാധ്യമാകാൻ ഈ ലോകം നമ്മോടൊപ്പം ഉണ്ടാകും. സ്വപ്നം കാണുകയാണെങ്കിൽ അത് സാധ്യമാകാൻ ഈ ലോകം നമ്മോടൊപ്പം ഉണ്ടാകും. സ്വപ്നം കാണുകയാണെങ്കിൽ അത് സാധ്യമാക്കാനുള്ള

മനോഭാവവും കൂടി നമ്മുക്ക് ഉണ്ടായിരിക്കണം. ഞാൻ ഈ പുസ്തകം വളരെയേറെ ഇഷ്ടപ്പെടുന്നു. ഒരു കുട്ടിയെ സ്വപ്നം കാണാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന ഈ നോവൽ എന്തുകൊണ്ടും ഒരു നല്ല തലമുറയെ വാർത്തെടുക്കുമെന്നതിൽ സംശയമില്ല. ആൽകെമിസ്റ്റ് എന്ന് നോവൽ ഞാൻ മനസ്സിലാക്കിയെടുത്തോളം വായനക്കാരുടെ ജീവിത്തയൊക്കെ മാറ്റി മറിക്കുന്ന ഒരു പുസ്തകമാണിത്. ഓരോ പതിറ്റാണ്ടിലും പിറന്നു വീഴുന്ന അത്തരമൊരു പുസ്തകമാണ് ബ്രസീലിയൻ സാഹിത്യകാരനായ പൗലോ കൊയ് ലയുടെ ത്തൂലികയിൽ നിന്ന് വിരിഞ്ഞ ദി ആൽകെമിസ്റ്റ്.

ഐശ്വര്യ.എസ്.

# ENGLISH PART

# PROVERBS

**Make hay while the sun shines.**
**Time and tide waits for no man.**
**Good words cost nothing, but are worth much.**
**Honours change manners.**
**Speech is silver, silence is golden.**

**By**
**Krithy 9 A**

# Precious Words for Life

## 1. LET ME HELP

**Good friends see a need and then try to fill it. When they see someone hurt they do what they can to heal it.**

## 2. I UNDERSTAND YOU

**People become closer and enjoy each other more when the other person accepts and understands them, which is one of the most powerful tools for bonding your relationship.**

## 3. I RESPECT YOU

**Respect is another way of showing love. Respect demonstrates that another person os true equal**

# ART GALLERY


**SHIFNA**






**POOJA**







**SONA**






**KRIPA**







**ANNA**

